**സ്ഥലനാമങ്ങൾ**

ഇന്നുള്ള സങ്കുചിതമായ അറിവിനെ മാത്രം അടിസ്ഥാനപ്പെടുത്തി ഈ സ്ഥലനാമങ്ങളെക്കുറിച്ചുള്ള നിസ്തർക്കമായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതോ സുസ്ഥിരമായ ഒരു സിദ്ധാന്തം സ്ഥാപിക്കുന്നതോ ബുദ്ധിപരമായിരിക്കുമെന്ന് തോന്നുന്നില്ല. പുതുതായും പൂർണ്ണമായും ഉള്ള അറിവ് ലഭിക്കുന്നതോടുകൂടി അനുമാനങ്ങൾ മാറ്റാനുള്ള സ്വാതന്ത്ര്യം എപ്പോഴും ഒരു ഗവേഷകൻ വച്ചിരിക്കേണ്ടതാണ്. എങ്കിലും മുണ്ടർ, ഒല്ലൂർ, തൃക്കൂർ, തൃശ്ശിവപേരൂർ, കാരൂർ, പേരൂർ, വേലൂർ തുടങ്ങിയ പേരുകളിലെ ഒടുവിലുള്ള “ ഊരും “ മട്ടാഞ്ചേരി, അഞ്ചേരി, കൂർക്കഞ്ചേരി, എന്നിവയിലെ ചേരിയും പുത്തൻേപട്ടയിലെ പേട്ടയും എരുമപ്പെട്ടിയിലെ “പെട്ടിയും“ ഇരിങ്ങാലക്കുട, താണിക്കുടം, കണിയാർക്കോട്,ഇരുനിലംകോട് മുതലായവയിലെ “കോട്ടും, കുടവും, കൂടവും” എല്ലാംതന്നെ തമിഴിൽ നിന്നുണ്ടായ പദങ്ങളാണെന്നു നിസ്സംശയം പറയാവുന്നതാണ്.

പണ്ടുകാലത്തെ നായന്മാരുടെ സാമൂഹ്യ സംഘടനയുടെ ഫലമായി ഓരോ സംഘത്തിലെ അംഗങ്ങളും അധിവസിച്ചിരുന്ന സ്ഥലത്തിനു “ തറ “ എന്ന് പേർ കൊടുത്തിരുന്നു.

തൃശ്ശിവപേരൂർ പട്ടണത്തിൽ ഒരു പുത്തൻേപട്ട കാണാം. തൃശ്ശൂരിനടുത്തുള്ള വിയ്യൂരും മദിരാശി സംസ്ഥാനത്തിലെ ഒരു ജമീന്താരി നികേതമായ വ്യയ്യൂരും തമ്മിൽ ഗണ്യമായ വ്യത്യാസമൊന്നുമില്ല.

സിലോണിലെ വെല്ലിവെട്ട് ക്ഷേത്രത്തിലെ വെല്ലിവെട്ടും, തൃശ്ശിവപേരൂരിനടുത്തുള്ള വില്ലി പട്ടണവും, കരൂർപ്പടന്നക്കടുത്തുള്ള വള്ളിവട്ടവും ഒന്നുതന്നെയായിരിക്കാം. സിലോണിലെ കൊക്കിലയും തൃശ്ശിവപേരൂരിലെ കൊക്കാലയും പേരിലും അർത്ഥത്തിലും ഒന്നുതന്നെയായിരിക്കണം. ടിങ്കൊലി പട്ടണത്തിനടുത്തുള്ള സിലോണിലെ മുല്ലൂർത്തന്നെയാണ് ശബ്ദംകൊണ്ട് തൃശ്ശിവപേരൂരിനു പടിഞ്ഞാറുള്ള മുള്ളൂരും.

ഈ സ്ഥലപ്പേരുകൾ എല്ലാം സിലോണിലും തെക്കൻ ഇൻഡ്യയിലും പൊതുവേ ഒരേ സംസ്കാരവും ഭാഷയും പ്രചാരത്തിലിരുന്ന കാലത്തെക്കുറിച്ചുള്ള ഒരു സ്മരണയാണ് നമ്മുടെ ഹൃദയങ്ങളിൽ ജനിപ്പിക്കുന്നത്. അതി വിദൂരമയ ഒരു ഭൂതകാലത്തിൽ സിലോൺ ഇൽഡ്യാ വൻകരയോടുചേർന്നുകിടന്നിരുന്നു എന്നു ഭൂമിശാസ്ത്ര വിദഗ്ദന്മാരിൽ ചിലരുടെ അഭിപ്രായത്തെ അവിടെയും ഇവിടെയുമുള്ള സ്ഥലപേരുകളുടെ ഐക്യരൂപ്യം പ്രബലപ്പെടുത്തുന്നുണ്ട്.

നായന്മാർ കേരളത്തിൽ പ്രവേശിച്ചതോടുകൂടി അവിടത്തെ ആദിമ നിവാസികളായ കാടർ, മലയർ, പുലയർ, പറയർ, ചെറുമക്കൾ, വലിയാളുകളെന്നും മറ്റുമുള്ള പേരോടുകൂടി അറിയപ്പെടുന്നവരെ അമർത്തി അവരെ അടിമകളാക്കിത്തീർത്തു എന്നു

ചരിത്രക്കാരന്മാർ പലരും അഭിപ്രായപ്പെടുന്നുണ്ട്. ഇതിന്റെ വാസ്തവം എങ്ങിനെയായിരുന്നാലും കൊച്ചിയിലെ ആയിരക്കണക്കിനുള്ള സ്ഥലനാമങ്ങളുടെ രൂപവൽക്കരണത്തിൽ ഇവിടെനിന്നും ആ വക ആദിമ വാസികൾക്കു വല്ല പങ്കും ഉണ്ടായിരുന്നു എന്നതിനു യാതൊരു തെളിവും കാണുന്നില്ല.

കേരളത്തിലെ ആദിമ നിവാസികളെന്നു കരുതപ്പെടുന്ന നായാടികളോ കാടന്മാരോ മലയരോ അവരുടെ പൂർവ്വികന്മാരോ എന്നാണ് മലയാളക്കരയിൽ കടന്നുകൂടിയതെന്നു പറയാൻ സാധിക്കില്ല. ആദ്യകാലത്ത് അർദ്ധനഗ്നരായി നടന്നിരുന്ന ഈ അപരൃഷ്ടർ എവിടെനിന്നു വന്നവരായാലും ശരി അവർ വൃക്ഷ വൃക്ഷലതാ ഗഹനവും തമോ നിബിഡവുമായ മലംപ്രദേശങ്ങളിലാണ് താമസിച്ചിരുന്നു എന്നത് അവരുടെ ജീവിത സമ്പ്രദായം കൊണ്ടുതന്നെ അറിയാവുന്നതാണ്. ഇന്നും പ്രകൃതിയോടും ഹിംസ്ര മൃഗങ്ങളോടും മല്ലിട്ടു ഗിരി കന്ദരങ്ങളിൽ താമസിക്കുന്ന കാടരും മലടരും നായാടികളും കൊച്ചിയിൽ ധാരാളമുണ്ട്. ഇത്തരക്കാർക്ക് ഊരുകളോ ഗ്രാമങ്ങളോ ഉണ്ടായിരുന്നില്ല. ഇവരിലും പരിഷ്കരിച്ച ജീവിതം നയിച്ചിരുന്ന പുലയർ മുതലായവർക്കുകൂടി സ്ഥലനാമങ്ങൾ ഉണ്ടാകത്തക്കവണ്ണം പരിസ്ഥിതികളോടുകൂടിയ ജീവിതരീതി ഉണ്ടായിരുന്നില്ല എന്നതാണ്. ഇക്കൂട്ടർ മലഞ്ചെരിവുകളിലും കടലോരങ്ങളിലും മറ്റും ചെറിയ പുൽമാടങ്ങൾ കെട്ടിയുണ്ടാക്കി അവയിൽ താമസിച്ചു സൗകര്യമുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്തു വേട്ടയിലും മീൻപിടിത്തത്തിലും ഏർപ്പെട്ട് ജീവിതം നയിച്ചു പോന്നവരായിരിക്കണം. ഈ കാരണങ്ങൾ കൊണ്ട് സ്ഥല നാമങ്ങൾ ഉണ്ടാക്കുന്നതിൽ ഇവർ പങ്കു വഹിച്ചിട്ടില്ല. കേരളത്തിലെ സ്ഥലപ്പേരുകൾ ഉത്ഭവിച്ചിരുന്ന കാലത്ത് നമ്പൂതിരിമാർ കേരളത്തിൽ ഉണ്ടായിരുന്നുവോ എന്ന് സംശയമാണ്. ഉണ്ടായിരുന്നാൽ ത്തന്നെ ആ ചരിത്ര പ്രഭാത കാലത്ത് അവരും തമിഴ് സംസാരിച്ചിരുന്നവരായിരിക്കണം. ഏതായാലും സംസ്കൃത ഭാഷയിൽ നിന്നു ഉത്ഭവിച്ചിട്ടുള്ള സ്ഥലപ്പേരുകൾ കേരളത്തിലെന്നപ്പോലെ വളരെച്ചുരുക്കമാണ്.

സ്ഥലനാമത്തിന്റെ ചരിത്രം നോക്കുമ്പോൾ അതു പരിഷ്കാരത്തിന്റെ ചരിത്രം ത്തന്നെയാണെന്നു വിചാരിക്കാം. മനുഷ്യർ ഏതാണ്ട് മൃഗസമാനമായ ജീവിതം നയിച്ചു ഗുഹകളിലോ മരക്കൊമ്പുകളിലോ ജീവിച്ചിരുന്ന കാലം വിട്ട് കൂട്ടമായി ഒരു പ്രത്യേക സ്ഥലത്ത് താമസം ഉറപ്പിച്ച കാലം മുതൽക്കു മാത്രമേ സ്ഥലങ്ങളും സ്ഥലപ്പേരുകളും ഉണ്ടായിരിക്കയുള്ളൂ. സമുദായിക ജീവിതത്തിന്റെ ആവിർഭാവം മുതൽക്കാണ് സ്ഥലനാമങ്ങളുടെ ഉല്പത്തി. സംസ്കാരത്തിന്റെ ആദ്യത്തെ പ്രവർത്തനം അല്ലെങ്കിൽ രൂപം കൃഷി പ്രവൃത്തിയാണെന്നു വിശ്വസിക്കുന്നതോടുകൂടി ഒന്നാമതായി ഉണ്ടാകുന്ന സ്ഥലപ്പേരുകൾ കൃഷിത്തൊഴിലുമായി ബന്ധപ്പെട്ടിരിക്കാം എന്നും വിശ്വസിക്കാവുന്നതാണ്. നാഗരീകത്വം വർദ്ധിച്ചു പട്ടണങ്ങളിലും നഗരങ്ങളിലും മനുഷ്യർ താമസമുറപ്പിക്കുന്നതോടുകൂടി പട്ടണപ്പേരുകളും നഗരപ്പേരുകളും ഉണ്ടായിത്തീരുന്നു. മനോ വികാസ ഫലമായി ദേവാലയങ്ങളും മറ്റ് ആരാധനാ സ്ഥലങ്ങളും സമുദായപരിഷ്കാര ചിഹ്നങ്ങലായ സ്ഥാപനങ്ങളും ഉത്ഭവിക്കുന്നതോടുകൂടി അവയെ അടിസ്ഥാനപ്പെടുത്തിയും പല സ്ഥലപ്പേരുകളും ഉത്ഭവിക്കുന്നു. പ്രകൃതിയിൽ കാണുന്ന മനോഹര വസ്തുക്കളെയും മനുഷ്യരുടെ ശ്രദ്ധയെ ആകർഷിക്കുന്ന മറ്റു

വസ്തുക്കളെയും പ്രതിബന്ധിപ്പിക്കുന്നതുമായ ഒരു കൂട്ടം സ്ഥലപ്പേരുകൾ എല്ലാ രാജ്യത്തും ഉണ്ടായിരിക്കും.

## സ്ഥല നാമ ചരിത്രം

**വിയ്യൂർ, വിൽവട്ടം**

തൃശ്ശൂർ കോർപ്പറേഷന്റെ വടക്കു ഭാഗത്തായി ഉദ്ദേശ്യം 4 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് വിയ്യൂർ. വിയ്യൂർ ഗ്രാമം പണ്ടുകാലത്ത് വിജയപുരം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വിയ്യൂരിൽ തെക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന ഒരു ശിവ ക്ഷേത്രം ചരിത്ര പ്രസിദ്ധമായ ഒരു ക്ഷേത്രമാണ്. അവിടെ നിന്നുകൊണ്ട് അർജ്ജുനൻ വില്ല് അയച്ചു എന്നും ആ വില്ലിന്റെ വട്ടത്തിലുള്ള സ്ഥലത്തിന് വിൽവട്ടം എന്ന പേരു വീണെന്നും പറയുന്നു.

**ആനക്കൊട്ടിൽ**

തൃശ്ശൂർ പാലക്കാട് റൂട്ടിൽ മണ്ണുത്തിക്കടുത്ത് സ്ഥിതി ചെയ്യുന്ന ഒരു സ്ഥലമാണ് ആനക്കൊട്ടിൽ. ആനക്കൊട്ടിൽ എന്ന പേരു വരാൻ കാരണം പഴയകാലത്ത് ഇവിടെ ആനയെ ചികിൽസിക്കുകയും കാട്ടിൽ നിന്ന് പിടിച്ചു കൊണ്ടുവരുന്ന ആനയെ മെരുക്കിയെടുക്കുന്നതും ഇവിടെയായിരുന്നു. അതുകൊണ്ടാണ് ആനക്കൊട്ടിൽ എന്ന പേരുവന്നത്. ആനയെ ചികിത്സിച്ചിരുന്ന കാലത്ത് ആനകൾക്ക് വെള്ളം കുടിക്കാനായി ഒരു വലിയ കിണർ ഉണ്ടായിരുന്നു. ഇപ്പോൾ കിണർ മൂടിപ്പോയി. പുറമേനിന്നുള്ള വിദഗ്ദന്മാരായ പാപ്പാന്മാരും വൈദ്യൻമാരുമാണ് ആനകളെ ചികിത്സിച്ചിരുന്നത്. പണ്ടുകാലത്ത് ഒരു ആനയെ ഇവിടെ മറവ് ചെയ്തിട്ടുണ്ട്. ആനക്കൊട്ടിലന്റെ മുകൾ ഭാഗത്ത് കാടും താഴെ കൃഷിസ്ഥലവുമായിരുന്നു.

**അഞ്ചേരി**

അഞ്ചേരി എന്ന പേര് വന്നത് ഇവിടെയുണ്ടായിരുന്ന അഞ്ച് ചേരിയിൽ നിന്നാണ്. അഞ്ച് ചേരി എന്നാൽ അഞ്ച് ഗ്രാമം എന്നാണ് അർത്ഥം. പുരാതന കാല്ത്ത് ദ്രാവിഡ വർഗ്ഗം അഞ്ച് ചേരികളിലായി താമസിച്ചിരുന്നു എന്ന് പറയപ്പെടുന്നു. ഏരി എന്നാൽ കുളം, കൃഷിസ്ഥലം, വെള്ളം കെട്ടി നിൽക്കുന്ന സ്ഥലം എന്നൊക്കെയാണർത്ഥം. ആദിമ നിവാസികൾ അഞ്ചു ഭാഗങ്ങളിലായി താമസിച്ചിരുന്നതുകൊണ്ടാകാം അഞ്ചേരി എന്ന പേർ വീണതെന്ന് പറയപ്പെടുന്നു. അതായത് അഞ്ച് ചേരിയോ ,അല്ലെങ്കിൽ അഞ്ച് ഏരിയോ ആയോ ലോപിച്ച് അഞ്ചേരി ആയതാവാം. അഞ്ചേരി പണ്ടുകാലത്ത് ഇഞ്ചക്കാടായിരുന്നു. "ഇഞ്ചഗിരി " ലോപിച്ച് അഞ്ചേരി ആയതുമാകാം. അഞ്ചേരി എന്ന സ്ഥലത്തിന്റെ പേര് ഇഞ്ചഗിരി എന്നായിരുന്നു. ഈ പ്രദേശത്ത് ധാരാളം ഇഞ്ച ഉണ്ടായിരുന്നതു കൊണ്ടാകാം ഈ പ്രേശത്തിന് ഇഞ്ചഗിരി എന്ന പേർ വീണത്.

**കാളത്തോട്**

കിട്ടിപ്പള്ളിയുടെ അടുത്ത് തന്നെ ഒരു വലിയ തോട് ഉണ്ടായിരുന്നു. അവിടെയാണ് പണ്ട് കാളകളെ കുളിപ്പിച്ചിരുന്നത്. അതുകൊണ്ടാണ് അവിടം കാളത്തോട് എന്നറിയപ്പെടുന്നത്.

**ഒല്ലൂക്കര**

ജലസേചനത്തിനാശ്രയിച്ചിരുന്ന ചിറകളുടെ കൂട്ടം നികത്തിയാണ് കര ഉണ്ടായതെന്നും ഒല്ലൂരിന്റെ കര ഒല്ലൂക്കര ആയിത്തീർന്നെന്നും പറയപ്പെടുന്നു. അതി പുരാതനമായ ഒരു ശിവ ക്ഷേത്രം ഈ ഭാഗത്തുണ്ട്. ഒല്ലൂതൃക്കോവ് ശിവക്ഷേത്രം എന്നാണ് ഇത് പറയപ്പെടുന്നത്. ഈ ക്ഷേത്രം ഇവിടെ സ്ഥിതി ചെയ്യുന്നതിനാലാണ് ഈ പ്രദേശത്തിന് ഒല്ലൂക്കര എന്ന പേർ വന്നതെന്നും പറയപ്പെടുന്നു. ഒല്ലൂക്കര ഭാഗത്ത് കണ്ടെത്താമുക്ക് എന്നു പറയുന്ന ഒരു സ്ഥലം ഉണ്ട്. അത് ഒരു കാട്ടുമുക്ക് ആയിരുന്നു. കണ്ണെത്താത്ത മുക്ക് എന്ന അർത്ഥം സമന്വയിച്ചാണ് കണ്ടെത്താമുക്ക് ആയി മാറിയത്.

**കുട്ടനെല്ലൂർ**

നെല്ല് ധാരാളമായി വിളയുന്ന കുട്ടനാട്ടിലെപ്പോലെ തന്നെ കുട്ടനെല്ലൂരിലും നെല്ല് ധാരാളമായി വിളഞ്ഞിരുന്നു. അതിനാലാവണം കുട്ടനെല്ലൂർ എന്ന പേർ വന്നത്.

**കണിമംഗലം**

ചിയ്യാരം വഴിയിൽ ശിവ കൊട്ടാരമെന്ന അമ്പലമുണ്ട്. ആ അമ്പലത്തിൽ ശിവ ഭഗവാൻ ഒരു ദിവസം രത്രി ഉറങ്ങാൻ കിടന്നെന്നും നേരം വെളുക്കുന്നതിനു മുമ്പ് അദ്ദേഹം ഉറക്കത്തിൽ നിന്നും ഉണർന്ന് യാത്ര തുടരുകയായിരുന്നു. അദ്ദേഹം അപ്പോൾ കണികണ്ടത് മൺ കലം കൊണ്ടുപോകുന്നവരെ ആയിരുന്നു. കണികണ്ടത് മൺകലം ആയതിനാൽ ആണ് കണിമംഗലം എന്ന പേർ വന്നത്.

**കൂർക്കഞ്ചേരി**

ശിവൻ അങ്ങനെ യാത്ര തുടരുന്നതിനിടയിൽ അഞ്ച് കുറുക്കന്മാരെ കണ്ടു. ആസ്ഥലമാണ് പിന്നീട് കൂർക്കഞ്ചേരി എന്ന പേരിലറിയപ്പെട്ടത്.

**കൊക്കാല**

ശിവൻ വീണ്ടും യാത്ര തുടരുന്നതിനിടയിൽ ധാരാളം കൊക്കുകളെ കണ്ട സ്ഥലമാണ് പിന്നീട് കൊക്കാലയായി മാറിയത്.

കോൾ + വല = കൊക്കാല എന്നുള്ള രീതിയിലാവണം ഈ പേരുണ്ടായത് എന്നു പറയപ്പെടുന്നു.

**വെളിയന്നൂർ**

ശിവൻ വീണ്ടും യാത്ര തുടർന്ന് നേരം വെളുക്കുന്ന സമയത്ത് എത്തിയ സ്ഥലമാണ് വെളിയന്നൂർ എന്ന പേരിൽ അറിയപ്പെടുന്നത്.

**പനമുക്ക്**

പന ധാരാളമുള്ള സ്ഥലമായിരുന്നതു കൊണ്ടാണ് പനമുക്ക് എന്ന പേർ വന്നത്.

**എൽത്തുരുത്ത്**

എൽത്തുരുത്ത് എന്ന സ്ഥലത്തിന് ആ പേരു വരുവാൻ കാരണം ആ സ്ഥലത്തിന്റെ കിടപ്പ് മൂലമാണ്. ഇംഗ്ളീഷിൽ "എൽ" എന്ന് എഴുതുന്നതു പോലെയാണ് ആ സ്ഥലത്തിന്റെ ആകൃതി. ആ സ്ഥലത്തിന് ചുറ്റും കോൾ പ്രദേശങ്ങളാണ്. ഏലവം എന്ന മരങ്ങളും അതിനു ചുറ്റും 3 വശവും വെള്ളം നിറഞ്ഞിരുന്നതിനാൽ ഏലവം തുരുത്ത് പിന്നീട് എൽത്തുരുത്ത് എന്നായി മാറി എന്നും പറയുന്നുണ്ട്. എൽത്തുരുത്ത് എന്നാൽ ദൈവത്തിന്റെ തുരുത്ത് എന്നും അർത്ഥമുണ്ട്.

**നായ്ക്കനാൽ**

മണികണ്ഠനാൽ, നടുവിലാൽ, നായ്ക്കനാൽ എന്നീ ആലുകൾ തൃശ്ശൂരിലാണ് ഉള്ളത്. നായ്ക്കന്മാർ സമീപം താമസിച്ചിരുന്നതിനാലാണ് നായ്ക്കനാൽ എന്ന പേർ വന്നത്.

**നെട്ടിശ്ശേരി**

നെട്ടിശ്ശേരി എന്ന പേര് വരുവാൻ കാരണമായത് നെട്ടിശ്ശേരി അമ്പലമാണ്. ഈ അമ്പലത്തിൽ 8 ഈശ്വരന്മാരുണ്ടത്രേ. അങ്ങനെ എട്ടിശ്ശേരി എന്നു പേരു വന്നു. ഈ പേര് പിന്നീട് നെട്ടിശ്ശേരി എന്നായത്.

**നടത്തറ**

വർഷങ്ങൾക്കുമുമ്പ് കാൽനടയായി യാത്ര ചെയ്തിരുന്ന ആളുകൾ വിശ്രമിക്കാനിരുന്ന തറയാണ് " നടത്തറ" എന്ന പേരിൽ അറിയപ്പെട്ടത്. അങ്ങനെ നടത്തറ എന്ന നാമം ഉണ്ടായി.

**ഇരുണ്ട ചാൽ**

ഇരുണ്ട ചാൽ എന്ന് ഈ സ്ഥലത്തിന് പേര് വരാൻ കാരണം ഇരുണ്ട എന്നു പേരായ ഒരു പക്ഷി ആ ചാലിനടുത്ത് ധാരാളമായി ഉണ്ടായിരുന്നു എന്നതാണ്.

**കുന്നത്തും കര**

ഈ ഭാഗം മുഴുവൻ കുന്നായിരുന്നതുകൊണ്ടാണ് കുന്നത്തും കരക്ക് ആ പേർവന്നത്.

**കാനാട്ടുകര**

കാൽ ഭാഗം കരയായതുകൊണ്ടാണ് കാനാട്ടുകര എന്ന പേർ ഉണ്ടായത്.

**മണ്ണുത്തി**

മണ്ണുകുത്തി എന്ന സ്ഥലപ്പേരു ലോപിച്ചാണ് മണ്ണുത്തിയായത്.

**എടക്കുന്നി**

എടക്കുന്നി ധാരാളം കുന്നുകളുള്ള പ്രദേശമായിരുന്നു. അതിനാലാണ് എടക്കുന്നി എന്ന പേരു വന്നത്.

**ഒളരി**

ഇന്നത്തെ ഒളരി എന്ന സ്ഥലത്തിന്റെ പേര് “ പുല്ല “ എന്നായിരുന്നു.

**പുല്ലഴി**

പഴയ കാലത്ത് പാടത്തിനോട് ചേർന്ന സ്ഥലത്തെ പുല്ല എന്നു പറഞ്ഞിരുന്നു. “ അഴി” എന്ന പദം സൂചിപ്പിക്കുന്നത് കടൽക്കരയിലേക്ക് കയറിക്കിടക്കുന്ന സ്ഥലത്തെയാണ്. പണ്ടുകാലത്തെ കേരളത്തിന്റെ ഭൂമിശാസ്ത്രത്തെ വ്യക്തമാക്കുന്നതാണ് പുല്ലഴി.

**ചുങ്കം**

തൃശ്ശൂരിൽ പണ്ടുകാലത്ത് അഞ്ചുസ്ഥലത്ത് ചുങ്കം പിരിച്ചിരുന്നു. അയ്യന്തോൾ ചുങ്കം, പറവട്ടാനി ചുങ്കം എന്ന പേരിൽ ഈ നാമങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇതു കൂടാതെ കൊക്കാല, പാട്ടുരായ്ക്കൽ, മുണ്ടപ്പാലം തുടങ്ങിയ സ്ഥലങ്ങളിലും ചുങ്കം പിരിച്ചിരുന്നു. ഒരു ഓലക്കുടിലിൽ ഇരുന്നാണ് ചുങ്കം പിരിച്ചിരുന്നത്. റോഡിനു കുറുകെ ഒരു വടി വച്ചിരിക്കും. വണ്ടി വരുമ്പോൾ ചുങ്കം പിരിച്ച് വടി ഉയർത്തി വണ്ടികൾ കടത്തി വിട്ടിരുന്നു.

**ലേബർ കോർണർ, വിദ്യാർത്ഥി കോർണർ**

തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് വിദ്യാർത്ഥി കോർണർ, ലേബർ കോർണർ എന്നീ രണ്ട് സ്റ്റേജുകൾ ഉണ്ട്. വിദ്യാർത്ഥി കോർണർ രാഷ്ട്രീയക്കാർക്ക് യോഗം കൂടാനുള്ളതാണ്. ലേബർ കോർണർ പേര് സൂചിപ്പിക്കുന്നതുപോലെ തൊഴിലാളികൾ യോഗം കൂടുന്ന സ്ഥലമാണ്. അത് ഇന്ന് അധികമാരും ഉപയോഗിക്കുന്നില്ല. വടക്കുനാഥൻ ക്ഷേത്രത്തിന്റെ തെക്കു പടിഞ്ഞാറ് ഭാഗത്ത് മതിലിനോടുചേർന്നുള്ളതാണ് വിദ്യാർത്ഥികോർണർ. ക്ഷേത്രമതിലിന്റെ തെക്കു കിഴക്കു ഭാഗത്താണ് ലേബർ കോർണർ.

**നടക്കാവുകൾ**

തൃശ്ശൂരിൽ പണ്ട് മൂന്ന് പ്രധാന നടക്കാവുകൾ ഉണ്ടായിരുന്നു. ഇന്നുള്ള പഴയ നടക്കാവ് കൂടാതെ തൊട്ടടുത്ത വഴിയായ എം.ജി.റോഡും ഒരു നടക്കാവായിരുന്നു. തെക്കെ ഗോപുരത്തിനു മുൻ വശത്ത് ബാറ്റാ ഷോറൂമിനടുത്തും ഒരു നടക്കാവുണ്ടായിരുന്നു. ഇരു വശത്തും വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച വീഥിയായിരുന്ന നടക്കാവ് എന്ന പേരിൽ അറിയപ്പെട്ടിരുന്നത്.

വി.വി.കെ വാലത്ത് രചിച്ച കേരളത്തിലെ സ്ഥല ചരിത്രങ്ങ (തൃശ്ശൂർ ജില്ല) ളിൽ നിന്നും അരണാട്ടുകരയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചത്.

**മൂന്ന് പടിവാതിലുകൾ**

തൃശ്ശൂരിന് 3 കിലോമീറ്റർ തെക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന അരണാട്ടുകരയുടെ പൂർവ്വകാലം പൊള്ളയായിരുന്നില്ല. കൊച്ചി നാട്ടുരാജ്യത്തിന്റെ തെക്കു വടക്കൻ മേഖലകളെ കൂട്ടിക്കൊളുത്തിയ കണ്ണി, കര-കായൽ വഴിക്കുള്ള ഗതാഗത മാർഗ്ഗങ്ങളുടെ സംഗമ സ്ഥാനം, പരശ്ശതം പത്തേമാരികൾ പതിവായി തഴുകിക്കോണ്ടിരിക്കുന്ന ഉൾനാടൻ തുറമുഖം, രാഷ്ട്രീയമായ തന്ത്ര പ്രാധാന്യത്തിന്റെ കേന്ദ്രം അങ്ങനെ പലപല

സവിശേഷതകൾ. തൃശ്ശൂരിനെ ഇന്നത്തെ വലുപ്പത്തിലുള്ള വാണിജ്യ നഗരമാക്കി വളർത്തിയെടുക്കാൻ സഹായിച്ചിട്ടുള്ളത് അരണാട്ടുകരയത്രേ.

**ചെന്തമിഴിന്റെ പഴക്കം.**

മലയാള ഭാഷ ആവിർഭവിക്കുന്നതിന് മുമ്പത്തെ ചെന്തമിഴ് വാക്കുകളാണ് നാട്, കര, ഊര് മുതലായവ. അരണാട്ടുകരയെ അരൺ, നാട്,കര എന്നിങ്ങനെ മൂന്നായി മുറിച്ചാൽ മൂന്ന് സ്വതന്ത്ര പദങ്ങളായി മാറും. അറൺ (തമിഴ്) എന്നതിനു കോട്ട, ശരണസ്ഥാനം (സംസ്കൃതം) ,വനം എന്നെല്ലാം ഗുണ്ടർട്ട് അർത്ഥം കൽപ്പിച്ചിട്ടുണ്ട്.

അകഴി എന്ന വാക്കിനു തമിഴാചാര്യന്മാർ " കോട്ടൈയിൽ പുറത്തെ അകഴ്ത മൈക്കപ്പെട്ട നീർ അരൺ " എന്നും അർത്ഥം കല്പ്പിക്കുന്നു. അരണാട്ടുകര ജലാശയമുള്ളതിനാൽ അങ്ങനെയും വരാം. ഇക്കാരണങ്ങളാൽ തൃശ്ശൂരിലുൾപ്പെട്ട കാനാട്ടുകര, മുക്കാട്ടുകര എന്നിവയിലെ കാലും മുക്കാലുമായി യോജിപ്പിക്കാൻ അരണാട്ടുകരയെ അരയാക്കുക സാഹസമാകും.

വയലിന്റെ ഒരു വശത്ത് ആദിയിൽ പ്രത്യക്ഷപ്പെട്ട തറകൾ, കുടികൾ ചേർന്നപ്പോൾ കരയുണ്ടായി. കരകൾ ചേർന്ന് നാടായി. ഒരു നാടിനോട് കര ചേർന്നു വരുമ്പോൾ നാട്ടുകര എന്നു കൂടിച്ചേർത്തു പറയുക നമ്മുടെ പൂർവ്വികരുടെ പതിവായിരുന്നു.

**പണ്ടത്തെ പദവികൾ**

ചേര തലസ്ഥാനമായ കൊടുങ്ങല്ലൂരിലേക്കു കിഴക്കു "പാണ്ടിയിൽ" നിന്നു മലകേറി വന്ന ചരക്കുകൾ അരണാട്ടുകര കടവു വഴി വള്ളത്തിലാണെത്തിച്ചിരുന്നത്. അതുപോലെ അവിടെ നിന്ന് തിരിച്ചും. കൊടുങ്ങല്ലൂരിന്റെ അവസാനമായ ശേഷം കൊച്ചിയിൽ നിന്നും കിഴക്കൻ ദിക്കുകളിലേക്കും അവിടന്നിങ്ങോട്ടും ചരക്കുകൾ വന്നും പോയ്ക്കൊണ്ടുമിരുന്നതും അരണാട്ടുകര വഴിയാണ്. ഇന്നത്തെ കച്ചവടകേന്ദ്രമായ തൃശ്ശൂർ വടക്കേ ഗ്രൗണ്ടിന്റെ പ്രാധാന്യമാണ് അരണാട്ടുകര വഹിച്ചിരുന്നതും. തൊഴിൽ സൗകര്യങ്ങളുടെ കേന്ദ്രവുമായിരുന്നു അവിടം. കയറ്റിറക്കുമതി നടത്തുക, വള്ളമൂന്നുക, കാളവണ്ടി തെളിക്കുക മുതലായ തൊഴിലുകളും, കൈത്തൊഴിൽ ശാലകൾ, പീടികകൾ, പാണ്ടിക ശാലകൾ, സത്രങ്ങൾ, കാവൽപ്പുരകൾ, ചുങ്കങ്ങൾ മുതലായവകൊണ്ട് ജനനിബിഡവുമായിരുന്നു അവിടം.

ചരക്കുനിറച്ച കെട്ടു വള്ളങ്ങൾ, യാത്രക്കുള്ള വലിയ ബോട്ടുകൾ, രാജകീയ സൗകര്യങ്ങൾ (പള്ളിയോളങ്ങൾ), സർക്കാർ ഉദ്യോഗസ്ഥന്മാരും " വെള്ളക്കാരും" സഞ്ചരിച്ചിരുന്ന കുടാര വള്ളങ്ങൾ എല്ലാം അരണാട്ടുകര തുറമുഖത്തെ സജീവമാക്കി.

**നെല്ലിക്കുന്ന്**

നെല്ലി മരങ്ങൾ നിറഞ്ഞുനിന്നിരുന്ന സ്ഥലമായിരുന്നതുകൊണ്ടാണ് നെല്ലിക്കുന്നിന് ആ പേർ വന്നത്.

**കുറ**

കിട്ടിക്കുറാൻ എന്ന നെൽവിത്ത് ആദ്യമായി വിതച്ചതുകൊണ്ടാണ് "കുറയ്ക്ക്" ആ പേർ കിട്ടിയത്.

**പുളിപ്പറമ്പ്**

പുളിമരം ധാരാളമായുണ്ടാകുന്ന സ്ഥലമാണ് പുളിപ്പറമ്പ് എന്നപേരിൽ അറിയപ്പെടുന്നത്.

**കാളത്തോട്**

കാളകളെ കുളിപ്പിക്കുന്ന തോടുള്ള സ്ഥലമായതുകൊണ്ടാണ് കാളത്തോടിന് ആ പേർ ലഭിച്ചത്.